# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1303 — 31/10/2019-ൽ മറുപടിക്ക്

## കെ.എസ്.ടി.എ. റിപ്പോർട്ടിലെ ഭാഗങ്ങൾ ഖാദർ കമ്മീഷൻ റിപ്പോർട്ടിൽ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം എന്ന തലക്കെട്ടിലുള്ള ഖാദർ കമ്മീഷൻ റിപ്പോർട്ടിൽ, രണ്ടു വർഷം മുമ്പ് കെ.എസ്.ടി.എ. പുറത്തിറക്കിയ റിപ്പോർട്ടിലെ ചില പേജുകൾ അതേപടി ചേർത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;<br><br>ബി) കേരള സ്റ്റേറ്റ് ടീച്ചേഴ്സ് അസോസിയേഷന്റെ 2017-ലെ റിപ്പോർട്ടിലെ 105, 106 പേജുകൾ ഖാദർ കമ്മീഷൻ റിപ്പോർട്ടിൽ 49, 50 പേജുകളായി അതുപോലെ പകർത്തുക ഉണ്ടായോ; വിശദാംശങ്ങൾ നൽകുമോ; | എ) & ബി) 2009-ലെ Right of Children to Free and Compulsory Education Act (വിദ്യാഭ്യാസ അവകാശ നിയമം) സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികവുമായ എല്ലാ വശങ്ങളും സമഗ്രമായി പരിശോധിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിനായിട്ടാണ് സർക്കാർ പ്രൊഫ.ഡോ.എം.എ.ഖാദർ അദ്ധ്യക്ഷനായി ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചത്. എന്നാൽ വിദ്യാഭ്യാസ അവകാശ നിയമത്തിലെ ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുമ്പോൾ ഒന്നാം ക്ലാസ് മുതൽ 12-ാം ക്ലാസുവരെയുള്ള വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളും ഉൾക്കൊണ്ട് മാത്രമേ അത് സാധിക്കുകയുള്ളൂ എന്ന് തുടർന്ന് കണ്ടെത്തുകയും അതിൻ പ്രകാരം സമിതിയുടെ പരിഗണനാ വിഷയങ്ങൾ പുതുക്കി നിശ്ചയിക്കുകയും വിദഗ്ധ സമിതി അക്കാര്യങ്ങൾ വിശദമാക്കി റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. പ്രസ്തുത റിപ്പോർട്ടിന് സർക്കാർ 'തത്വത്തിൽ' അംഗീകാരം നല്കി നടപ്പിലാക്കി വരികയാണ്. കൂടാതെ വിദ്യാഭ്യാസ അവകാശ നിയമം പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് വിദ്യാഭ്യാസ രംഗത്തെ ഒന്നാം തലമുറ പ്രശ്നങ്ങളായ സ്കൂൾ പ്രാപ്യതയും പഠനതുടർച്ചയുമാണ്. ഈ രണ്ട് കാര്യങ്ങൾ ഏതാണ്ട് പൂർണ്ണമായും ഉറപ്പാക്കിയ സംസ്ഥാനമാണ് കേരളം. ഇനി ക്ലാസിൽ എത്തിച്ചേർന്ന മുഴുവൻ കുട്ടികൾക്കും ശരിയായ പഠനത്തിനും വികാസത്തിനും അനുഗുണമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഒരുക്കുകയെന്നതാണ് |

സർക്കാരിന്റെ ലക്ഷ്യം. അതിന്റെ ഭാഗമായി വേണ്ടിവന്ന ഘടനാപരമായും ഉള്ളടക്കപരമായും മാറ്റങ്ങളാണ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളത്.

ഡോ.വി.എസ്.കോത്താരി കമ്മിഷൻ റിപ്പോർട്ട്, നാഷണൽ കരിക്കുലം ഫ്രെയിം വർക്ക് രാജ്യത്തിനകത്തും പുറത്തും വിദ്യാഭ്യാസ മേഖലയിൽ ലഭ്യമായ വിവിധ പഠനങ്ങളും റിപ്പോർട്ടുകളും കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി പരിശോധിച്ചിരുന്നു. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടവരുമായി നടത്തിയ വിശദമായ ചർച്ചകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിലാണ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. വിദ്യാഭ്യാസത്തിന്റെ ഘടനയുടെ ഭാഗമായ വിദ്യാഭ്യാസ ഘട്ടങ്ങളെക്കുറിച്ചും അദ്ധ്യാപക യോഗ്യതകളെക്കുറിച്ചും അദ്ധ്യാപക പരിശീലനങ്ങളെക്കുറിച്ചും വിദ്യാഭ്യാസ വകുപ്പിലെ വിവിധ സ്ഥാപനങ്ങളെക്കുറിച്ചുമുള്ള നിർദ്ദേശങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത മേഖലകൾ സംബന്ധിച്ചുള്ള കമ്മിറ്റിയുടെ ശുപാർശകൾ അതിനാൽതന്നെ പൂർണ്ണവും സമഗ്രവുമാണ്.

സി) ഖാദർ കമ്മീഷൻ ചെയർമാൻ ശ്രീ.എം.എ.ഖാദർ, അംഗം ശ്രീ.സി. രാമകൃഷ്ണൻ എന്നിവർ കെ.എസ്.ടി.എ. റിപ്പോർട്ട് തയ്യാറാക്കിയ പാനലിലും ഉണ്ടായിരുന്നോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

സി) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ കാലികമായ മാറ്റങ്ങൾ വരുത്തുന്നതിന് സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ ചെയർമാൻ പ്രൊഫ.ഡോ.എം.എ.ഖാദറും ശ്രീ.സി.രാമകൃഷ്ണൻ, ശ്രീ.ജി.ജ്യോതിചൂഡൻ എന്നിവർ അംഗങ്ങളുമാണ്.

**സെക്ഷൻ ഓഫീസർ**